# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

***പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം-*** 686560

***ഫോൺ:*** 0481-2733370


## വാർത്താക്കുറിപ്പ്

**2025 ജൂൺ 11**

---

## എം.ജി. ബിരുദ പ്രവേശനം; അപേക്ഷയിൽ തിരുത്തൽ വരുത്താം

*മഹാത്മാ ഗാന്ധി സർവകലാശാലയുടെ അഫിലിയേറ്റഡ് കോളജുകളിൽ ഓണേഴ്സ് ബിരുദ പ്രവേശനത്തിന് ഓൺലൈനിൽ സമർപ്പിച്ച അപേക്ഷയിൽ തിരുത്തലുകൾ വരുത്തുന്നതിന് ജൂൺ 13ന് വൈകുന്നേരം അഞ്ചു വരെ അവസരമുണ്ട്. ഈ സമയപരിധിക്കുള്ളിൽ ഓപ്ഷനുകൾ കൂട്ടിച്ചേർക്കുകയും ഒഴിവാക്കുകയും പുനഃക്രമീകരിക്കുകയും ചെയ്യാം.*

*അപേക്ഷ സമർപ്പിച്ചിട്ടുള്ളവർ ആവശ്യമായ സർട്ടിഫിക്കറ്റുകൾ അപ് ലോഡ് ചെയ്തിട്ടുണ്ടെന്ന് ഉറപ്പാക്കണം. അപ് ലോഡ് ചെയ്തിട്ടില്ലെങ്കിൽ ഇപ്പോൾ ചെയ്യാനാകും. തെറ്റായി എന്റർ ചെയ്ത മാർക്കുകളും ഓൺലൈൻ അപേക്ഷയിലെ മറ്റു പിഴവുകളും ഇങ്ങനെ തിരുത്താൻ സാധിക്കും.*

*സംവരണാനുകൂല്യത്തിനായി പ്രോസ്പക്ടസിൽ നിർദേശിച്ചിട്ടുള്ള രേഖകളാണ് നൽകിയിരിക്കുന്നതെന്ന് ഉറപ്പാക്കണം. പട്ടിക ജാതി, പട്ടിക വർഗ വിഭാഗങ്ങളിൽ പെട്ടവർ സംവരണത്തിനായി ജാതി സർട്ടിഫിക്കറ്റാണ് അപ് ലോഡ് ചെയ്യേണ്ടത്. എസ്ഇബിസി, ഒഇസി വിഭാഗങ്ങളിൽ പെട്ടവർ ജാതി സർട്ടിഫിക്കറ്റും വരുമാന സർട്ടിഫിക്കറ്റും ഒരു ഫയലായോ അതിനു പകരം നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റോ നൽകണം.*

*ഇഡബ്ല്യുഎസ് വിഭാഗത്തിനുള്ള ആനുകൂല്യത്തിന് ഇൻകം ആന്റ് അസറ്റ് സർട്ടിഫിക്കറ്റാണ് അപ് ലോഡ് ചെയ്യേണ്ടത്.*

*സംവരണാനുകൂല്യം ആവശ്യമില്ലാത്ത പിന്നാക്ക വിഭാഗങ്ങളിൽ പെടുന്നവർക്ക് പൊതു വിഭാഗം തിരഞ്ഞെടുക്കുകയോ വരുമാനം എട്ടു ലക്ഷത്തിനു മുകളിൽ നൽകിയശേഷം സംവരണം ആവശ്യമില്ല എന്ന ഓപ്ഷൻ തിരഞ്ഞെടുക്കുകയോ വേണം. എൻ.സി.സി, എൻ.എസ്.എസ് വിഭാഗങ്ങൾക്കുള്ള ബോണസ് മാർക്കിന്*

*പ്ലസ് വൺ, പ്ലസ് ടൂ തലങ്ങളിലെ സാക്ഷ്യപത്രങ്ങളാണ് നൽകേണ്ടത്.*

*വിമുക്തഭടൻമാരുടെയും ജവാൻമാരുടെയും ആശ്രിതർക്കുള്ള ബോണസ് മാർക്കിനായി ജില്ലാ സൈനിക ക്ഷേമ ഓഫീസിൽനിന്നുള്ള സാക്ഷ്യപത്രം നൽകണം. ഇതിനായി കര,നാവിക, വ്യോമ സേനാ വിഭാഗങ്ങളെ മാത്രമേ പരിഗണിക്കൂ.*

*(പി.ആർ.ഒ/39/1678/2025)*

## സ്പോർട്സ്, കൾച്ചറൽ, പിഡി ക്വാട്ടകളിലെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു

*എംജി സർവകലാശാലയുടെ അഫിലിയേറ്റഡ് കോളജുകളിൽ നാലു വർഷ ബിരുദ പ്രോഗ്രാമുകളിൽ സ്പോർട്സ്, കൾച്ചറൽ, പിഡി ക്വാട്ടകളിൽ പ്രവേശനത്തിനുള്ള അന്തിമ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു. ലിസ്റ്റിൽ ഉൾപ്പെട്ടവർ കോളജുമായി ബന്ധപ്പെട്ട് ജൂൺ 13ന് മുൻപ് പ്രവേശനം നേടണം.*

*(പി.ആർ.ഒ/39/1679/2025)*

## വിവരാവകാശം; അപേക്ഷകൾ ഓൺലൈനിൽ നൽകാം

*മഹാത്മാ ഗാന്ധി സർവകലാശാലയിൽ വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷകൾ ഇനി ഓൺലൈനിൽ സമർപ്പിക്കാം.* https://rti.mgu.ac.in/ *എന്ന പോർട്ടൽ വഴിയാണ് അപേക്ഷകൾ സ്വീകരിക്കുന്നത്. സർവകലാശാലയുടെ ഔദ്യോഗിക വെബ്സൈറ്റിലെ (*www.mgu.ac.in*) ഓൺലൈൻ സർവീസസ് എന്ന മെനുവിലൂടെയും ഈ പോർട്ടലിലെത്താം.*

*(പി.ആർ.ഒ/39/1680/2025)*

## സെമിനാർ നടത്തി

*മഹാത്മാ ഗാന്ധി സർവകലാശാലയിലെ ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ഡിസെബിലിറ്റി സ്റ്റഡീസും സംസ്ഥാന ഭിന്നശേഷി കമ്മീഷണറേറ്റും സംയുക്തമായി ഭിന്നശേഷി അവകാശ നിയമവും ശാക്തീകരണവും എന്ന വിഷയത്തിൽ സംഘടിപ്പിച്ച ദേശീയ സെമിനാർ വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ ഉദ്ഘാടനം ചെയ്തു.*

*സംസ്ഥാന ഭിന്നശേഷി കമ്മീഷണർ ഡോ. പി.ടി. ബാബുരാജ് അധ്യക്ഷത വഹിച്ചു. രജിസ്ട്രാർ ഡോ. ബിസ്മി ഗോപാലകൃഷ്ണൻ മുഖ്യ പ്രഭാഷണം നടത്തി. ജില്ലാ സാമൂഹ്യനീതി ഓഫീസർ പി.പ്രദീപ്, ഡോ. വി.സി. ഷൈനു, ഫാ. റെന്നി തോമസ് എന്നിവർ സംസാരിച്ചു.*

*സംസ്ഥാന ഭിന്നശേഷി കമ്മീണഷണറേറ്റ് ഡെപ്യൂട്ടി സെക്രട്ടറി രാജീവ്കുമാർ ക്ലാസെടുത്തു. ഇതോടനുബന്ധിച്ച് ഭിന്നേശേഷി കമ്മീഷണറുടെ നേതൃത്വത്തിൽ നടത്തിയ അദാലത്തിൽ എഴുപതോളം പേർ പങ്കെടുത്തു.*

ഫോട്ടോ ക്യാപ്ഷൻ...

*ഭിന്നശേഷി അവകാശ നിയമവും ശാക്തീകരണവും എന്ന വിഷയത്തിൽ മഹാത്മാ ഗാന്ധി സർവകലാശാലയിൽ നടന്ന ദേശീയ സെമിനാർ വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ ഉദ്ഘാടനം ചെയ്യുന്നു.*

*(പി.ആർ.ഒ/39/1681/2025)*

## സമയപരിധി നീട്ടി

*അഫിലിയേറ്റഡ് കോളേജുകളിലെ ഒന്നാം സെമസ്റ്റർ എംആർക് (2024 അഡ്മിഷൻ റഗുലർ) പരീക്ഷകൾക്ക് അപേക്ഷ സമർപ്പിക്കുന്നതിനുള്ള സമയപരിധി നീട്ടി. ഫൈൻ ഇല്ലാതെ ജൂൺ 13 വരെയും ഫൈനോടുകൂടി ജൂൺ 16 വരെയും സൂപ്പർ ഫൈനോടുകൂടി ജൂൺ 17 വരെയും അപേക്ഷിക്കാം.*

*(പി.ആർ.ഒ/39/1682/2025)*

## ഫസ്റ്റ് എയ്ഡ് സർട്ടിഫിക്കറ്റ് പ്രോഗ്രാം

*മഹാത്മാഗാന്ധി സർവകലാശാലയിലെ ഡിപ്പാർട്ട്മെന്റ് ഓഫ് ലൈഫ് ലോംഗ് ലേണിംഗ് ആന്റ് എക്സ്റ്റൻഷൻ, തൃശൂർ ദയ ജനറൽ ആശുപത്രിയുടെ സഹകരണത്തോടെ നടത്തുന്ന ബേസിക് ഫസ്റ്റ് എയ്ഡ് സർട്ടിഫിക്കറ്റ് പ്രോഗ്രാമിൽ ( പ്രീ ഹോസ്പിറ്റൽ മെഡിക്കൽ എമർജൻസി കെയർ: ഹാൻഡ്സ് ഓൺ ട്രെയിനിംഗ് പ്രോഗ്രാം) ജൂൺ 26ന് സ്പോട്ട് അഡ്മിഷൻ നടക്കും.*

*പ്ലസ് ടു അല്ലെങ്കിൽ പ്രീഡിഗ്രി വിജയിച്ചവരെയാണ് പരിഗണിക്കുന്നത്. ഞായറാഴ്ച്ചകളിൽ സർവകലാശാലയിലാണ് ക്ലാസ്. താത്പര്യമുള്ളവർ അസ്സൽ സർട്ടിഫിക്കറ്റുകളും കോപ്പികളും രണ്ട് പാസ്പോർട്ട് സൈസ് ഫോട്ടോകളും കോഴ്സ് ഫീസുമായി 26ന് വകുപ്പിൽ എത്തണം. ഫോൺ- 0481-2733399, 08301000560.*

*(പി.ആർ.ഒ/39/1683/2025)*

## പ്രാക്ടിക്കൽ

*നാലാം സെമസ്റ്റർ ബിവോക്ക് അഗ്രോഫുഡ് പ്രോസസ്സിംഗ് (പുതിയ സ്കീം 2023 അഡ്മിഷൻ റെഗുലർ, 2022 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2018 മുതൽ 2022 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ് ഫെബ്രുവരി 2025) പരീക്ഷയുടെ പ്രാക്ടിക്കൽ*

*പരീക്ഷ ജൂൺ 17ന് കാഞ്ഞിരപ്പള്ളി സെന്റ് ഡൊമിനിക്സ് കോളജിൽ നടക്കും. ടൈം ടേബിൾ വെബ് സൈറ്റിൽ.*

*.......................................*

*നാലാം സെമസ്റ്റർ ബിഎസ്സി ജിയോളജി, ജിയോളജി ആന്റ് വാട്ടർ മാനേജ്മെന്റ് സിബിസിഎസ് (പുതിയ സ്കീം 2023 അഡ്മിഷൻ റഗുലർ, 2022 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2018 മുതൽ 2022 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ്, 2017 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ് മാർച്ച് 2025) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ജൂൺ 13 മുതൽ വിവിധ കേന്ദ്രങ്ങളിൽ നടക്കും. ടൈം ടേബിൾ വെബ് സൈറ്റിൽ.*

*.......................................*

*നാലാം സെമസ്റ്റർ ബികോം സിബിസിഎസ് (2023 അഡ്മിഷൻ റഗുലർ, 2022 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2018 മുതൽ 2022 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ്, 2017 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ് മാർച്ച് 2025) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ജൂൺ 17 മുതൽ വിവിധ കേന്ദ്രങ്ങളിൽ നടക്കും. ടൈം ടേബിൾ വെബ് സൈറ്റിൽ.*

*(പി.ആർ.ഒ/39/1684/2025)*

**പബ്ലിക് റിലേഷൻസ് ഓഫീസർ**